ഭരണഭാഷ - മാതൃഭാഷ

നം: /എൻ.എം.ബി(1)/11750/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 30-06-2025
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർമാർ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി- സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ അടുക്കള പച്ചക്കറി തോട്ടം വ്യാപിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന :- 05.06.2025 തീയതിയിലെ പി.എ.ബി മിനിട്ട്സിലെ യോഗ തീരുമാനം

******************

പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും പ്രയോജനങ്ങളെപ്പറ്റിയും അവയുടെ കൃഷി രീതികളെക്കുറിച്ചും സ്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പി.എം. പോഷൺ സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും അടുക്കള പച്ചക്കറി തോട്ടങ്ങൾ (**സ്കൂൾ ന്യൂട്രീഷൻ ഗാർഡൻ)** നടപ്പിലാക്കി വരുന്നത്.

വേനൽകാലം ആരംഭിക്കുന്നതു മുതൽ പല സ്കൂളുകളിലും കൊടുംചൂടിന്റെ പശ്ചാത്തലത്തിൽ പച്ചക്കറി തോട്ടങ്ങൾ നശിച്ചു പോകുന്ന സാഹചര്യമാണ് കണ്ടു വരുന്നത്. കൂടാതെ വെള്ളത്തിന്റെ ലഭ്യത കുറവും, ഫണ്ടിന്റെ അപര്യാപ്തതയും വന്യമൃഗങ്ങളുടെ ശല്യവും ചുറ്റുമതിൽ ഇല്ലാത്തതും പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന കാരണങ്ങളാണ്. ടി സാഹചര്യത്തെ അതിജിവിക്കുന്നതിനായി പ്രാദേശികമായി ലഭിക്കുന്ന ദീർഘകാല വിളകളായ മുരിങ്ങ, പപ്പായ, ശീമപ്ലാവ്, പ്ലാവ്, കോവൽ, അഗസ്തി ചീര, കറിവേപ്പില, ചൗ ചൗ, ഇഞ്ചി, തെങ്ങ്, വാഴകൾ, ഇലക്കറികൾ, പയറുവർഗ്ഗങ്ങൾ, ചീര ഇനങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കുരുമുളക്, ദൈനംദിന കറികളിൽ ഉപയോഗിക്കുന്ന പച്ചക്കറികൾ തുടങ്ങിയ ഇനം വിളകൾ കൂടി സ്കൂൾ അടുക്കള പച്ചക്കറി തോട്ടത്തിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. മാത്രമല്ല ഇത്തരം വിളകൾ കൃഷി ചെയ്യുന്നതിലൂടെ ഒരു അധ്യയന വർഷം മുഴുവൻ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് ആവശ്യമായ പച്ചക്കറി വിഭവങ്ങൾ ലഭിക്കുകയും കുട്ടികൾക്ക് വിഷരഹിതമായ പച്ചക്കറികൾ ഉപയോഗിച്ചുള്ള വിഭവങ്ങൾ/കറികൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്യുന്നു.

ഇലക്കറികൾ - മുരിങ്ങയില, മത്തനില, ചേമ്പില, ചീര ഇനങ്ങൾ (കുപ്പക്കീര, സാമ്പാർ ചീര, ചുവന്ന ചീര, പച്ച ചീര, പൊന്നാങ്കണ്ണി ചീര, മറ്റിനങ്ങൾ)

പയറു വർഗ്ഗങ്ങൾ - ചതുരപ്പയർ, വാളരിങ്ങ, വള്ളിപയർ

കിഴങ്ങു വർഗ്ഗങ്ങൾ - ചേന, ചേമ്പ്, മരിച്ചീനി, കൂർക്ക, ചെറുകിഴങ്ങ്, ഇഞ്ചി മഞ്ഞൾ, കൂവക്കിഴങ്ങ് മറ്റുള്ളവ

പച്ചക്കറികൾ പോലെ ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ തുടങ്ങിയ പോഷകങ്ങളുടെ കലവറയാണ് പഴവർഗ്ഗങ്ങൾ അതിനാൽ സ്കൂൾ ന്യൂട്രീഷൻ ഗാർഡന്റെ കൂടെ ഫലവൃക്ഷത്തോട്ടവും തയ്യാറാക്കേണ്ടതാണ്.

ഫലവൃഷങ്ങൾ - ചാമ്പക്ക, നെല്ലിക്ക വർഗ്ഗങ്ങൾ, റംബൂട്ടാൻ, ഫാഷൻഫ്രൂട്ട്, ആത്തിചക്ക, അനോണ, കൈതചക്ക (പൈനാപ്പിൾ), വാഴ, പുളിഞ്ചിക്ക (സ്റ്റാർ ഫ്രൂട്ട്), ഞാവൽ, മാവ്, പ്ലാവ്, പേര, സപ്പോട്ട, തെങ്ങ് തുടങ്ങിയവയും മറ്റു പ്രാദേശികമായി ലഭിക്കുന്ന ഫലവൃക്ഷങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

**കുട്ടികൾക്ക് അപകട രഹിതമായ രീതിയിൽ സ്കൂൾ ചുറ്റുമതിലിനോട് ചേർന്നോ, ഒഴിഞ്ഞ പ്രദേശങ്ങളിലോ ആണ് ഫലവൃഷങ്ങൾ/വൃഷങ്ങൾ നടേണ്ടത്.** കൂടാതെ അധികം ഉയരത്തിൽ വളരാത്തതും എന്നാൽ കൂടുതൽ വിളവ് ലഭിക്കുന്നതുമായ തൈകൾ വേണം കൃഷിക്കായി തെരഞ്ഞെടുക്കേണ്ടത്. (ഉദാ: ബഡ്ഡിംഗ്, ലയറിംങ്, ഗ്രാഫ്റ്റിംഗ് ചെയ്ത തൈകൾ)

- സ്ഥലപരിമിതിയുള്ള സ്കൂളുകൾ വരാന്തകളിൽ **ഗ്രോബാഗിലോ, ചെടിച്ചട്ടിയിലോ (കുറഞ്ഞത് 10 എണ്ണമെങ്കിലും)** പച്ചക്കറികൾ നട്ടുവളർത്തേണ്ടതാണ്.
- ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ കുട്ടികൾ പാത്രം കഴുകുന്ന വെള്ളം, ഉച്ചഭക്ഷണ പദ്ധതിയ്ക്ക് (പാചകം ചെയ്യാൻ, പാത്രം കഴുകൽ) ഉപയോഗിച്ച ബാക്കി വരുന്ന ജലം ഇവയൊക്കെ സ്കൂൾ ന്യൂട്രീഷൻ ഗാർഡൻ പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.
- വന്യമൃഗ ശല്യമുള്ള സ്കൂളുകളിൽ മട്ടുപാവിലോ, ഗ്രീൻ ഹൗസിലോ ഉപയോഗശൂന്യമായ ക്ലാസ്

മുറികളിലോ, ക്ലാസ് മുറികളിലെ ജനാലയുടെ അരികിലോ സ്കൂൾ ന്യൂട്രീഷൻ ഗാർഡൻ ഉപയോഗപ്പെടുത്താവുന്നതാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും (ഗവൺമെന്റ്/എയ്ഡഡ്) പുതിയ അദ്ധ്യയന വർഷം മുതൽ സ്കൂൾ ന്യൂട്രീഷൻ ഗാർഡൻ നിർബന്ധമായും ആരംഭിക്കേണ്ടതും അവ കൃത്യമായി പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ്, VFCK, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, സഹകരണ വകുപ്പ് എന്നിവരെ ഉൾപ്പെടുത്തി സഹായം തേടാവുന്നതാണ്. ഇതിനായി സ്കൂളുകളെ മൂന്നായി തരംതിരിക്കാവുന്നതാണ്.

1. സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡൻ നിലവിലുള്ളവ

   എ) കൂടുതൽ വികസന സാദ്ധ്യതയുള്ളവ

   ബി) വികസന സാദ്ധ്യതയില്ലാത്തവ

   സി) സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡൻ നിലവിൽ ഇല്ലാത്തവ

ഇതിൽ മൂന്നാം വിഭാഗത്തിൽപ്പെട്ട സ്കൂളുകൾ അടിയന്തരമായി സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡൻ ആരംഭിക്കേണ്ടതും, 2,3 വിഭാഗത്തിൽപ്പെട്ട സ്കൂളുകൾ കൃഷിവകുപ്പ് ഉദ്യോഗസ്ഥന്റെ സന്ദർശനത്തിന് വിധേയമാക്കി കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് കൂടുതൽ സ്ഥലങ്ങളിൽ സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡൻ വ്യാപിപ്പിക്കേണ്ടതുമാണ്. സ്കൂൾ മട്ടുപ്പാവുകളോ വരാന്തകളോ ഉപയോഗശൂന്യമായ സ്ഥലങ്ങളോ കൃഷിക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഗ്രോബാഗും വിത്തുകളും കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ (സൗജന്യമായി) നിന്നും ലഭ്യമാക്കുകയും ക്ലാസിലെ കുട്ടികൾക്ക് കൃഷിയുടെ ചുമതല ഏൽപ്പിക്കുകയും ക്ലാസ് ടീച്ചർ ഇതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികൾ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കേണ്ടതാണ്. കൂടാതെ കൃഷിഭൂമി ഒരുക്കുന്നതിനും കൃഷി സ്ഥലങ്ങളിൽ ഇടകൈയ്യാല കെട്ടുന്നതിനും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയുടെ സഹായം തേടാവുന്നതാണ്. നഗര പ്രദേശങ്ങളിൽ ഇതിനെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) സഹായം തേടാവുന്നതാണ്. പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ പദ്ധതിയായ "പച്ചത്തുരുത്ത് " –കൾ ഇന്ന് പലതും സംരക്ഷണ കുറവ് മൂലം നശിച്ചു വരുന്ന

സാഹചര്യമാണ് നിലവിലുള്ളത്. ഈ പച്ചത്തുരുത്തുകൾ പഞ്ചായത്തിന്റെ അനുമതിയോടുകൂടി സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡനു് ഉപയോഗപ്പെടുത്താവുന്നതാണ്.

സ്കൂളിനോട് ചേർന്ന് മറ്റു വകുപ്പുകളുടെയോ, വ്യക്തികളുടെയോ ഒഴിഞ്ഞു കിടക്കുന്ന ഭൂമി (തരിശു ഭൂമി) കൃഷിയോഗ്യമാണെങ്കിൽ സ്വകാര്യ വ്യക്തികളുടെ അനുവാദത്തോടെ പഞ്ചായത്ത് മെമ്പറെ അറിയിച്ചശേഷം സ്കൂൾ അധികൃതരുടെ നേതൃത്വത്തിൽ സൗജന്യമായി (ഫ്രീ ലീസ്) കൃഷിക്ക് അനുയോജ്യമാക്കാവുന്നതാണ്. കാടു വെട്ടിതെളിക്കുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മറ്റ് സ്ഥലങ്ങൾ ഉണ്ടെങ്കിൽ അതും കൂടി ഈ പദ്ധതിയിൽ ഫ്രീ ലീസായി ഉൾപ്പെടുത്താവുന്നതാണ്. വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന സമയം ഭൂമി തിരികെ നൽകാമെന്ന കരാർ അടിസ്ഥാനത്തിലായിരിക്കണം ഭൂമി ഏറ്റെടുക്കേണ്ടത്. കൂടാതെ സ്കൂളിന് സമീപം താമസിക്കുന്ന കുട്ടികളെയും, പ്രാദേശിക കർഷക സമൂഹത്തിന്റെയും, സ്കൂളുകളിലെ വിവിധ ക്ലബുകളുടെയും, എൻ.എസ്.എസ് വോളന്റിയർമാരുടെയും, സ്കൂൾ സോഷ്യൽ സർവീസിന്റെ ആക്ടിവിറ്റിയുടെ ഭാഗമായും, അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സഹകരണത്തോടെ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ അടുക്കള പച്ചക്കറി തോട്ടങ്ങൾ നല്ല രീതിയിൽ പരിപാലിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും **2025 ആഗസ്റ്റ് 15- ന്** മുമ്പായി സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡൻ നടപ്പിൽ വരുത്തേണ്ടതാണ്. കൂടാതെ കേന്ദ്ര സർക്കാരിന് സ്കൂൾ ന്യൂട്രീഷൻ ഗാർഡൻ നടത്തിപ്പിന്റെ സുതാര്യതയും പുരോഗതിയും അറിയുന്നതിലേയ്ക്കായി ക്യാമറ ഉപയോഗിച്ച HD മികവിൽ ലിറ്റിൽ കൈറ്റ്സിന്റെ സഹായത്തോടെ വ്യക്തതയുള്ള ചിത്രങ്ങളും, വിഡിയോകളും സ്കൂളുകൾ മെയിലിൽ/ഗൂഗിൾ ഡ്രൈവിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shanavas S
Date: 30-06-2025 16:48:23
പൊതുവിദ്യാഭ്യാസ ഡയറക്ടർ